ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി. രാജു :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂ ഉടമകളുടെ പരാതികൾ പരിഹരിക്കാൻ വില്ലേജുകൾ തോറും പ്രതിമാസ സർവ്വേ അദാലത്തുകൾ നടത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എത്ര അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ അദാലത്തുകളിൽ മൊത്തം എത്ര പരാതികൾ ലഭിച്ചു; എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചു;

(ഡി) ഭൂ ഉടമകളുടെ പരാതികൾ പരിഹരിക്കുന്നതിനായി ഈ അദാലത്തുകളിൽ റവന്യൂ വകുപ്പിൽനിന്നും പങ്കെടുക്കുന്നവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു മാസ അദാലത്തുകൾ 588 വില്ലേജുകളിലും, എല്ലാ മാസവും ഏകദിന അദാലത്തുകൾ 493 വില്ലേജുകളിലും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഒരു മാസ അദാലത്തുകളിൽ 31.3.99 വരെ 7,29,303 പരാതികളും ഏകദിന അദാലത്തുകളിൽ 31.3.99 വരെ 1,26,035 പരാതികളും ലഭിച്ചതിൽ യഥാക്രമം 6,89,900 വും 1,21,640 പരാതികളും തീർപ്പാക്കിയിട്ടുണ്ട്.

(ഡി) റവന്യൂ വകുപ്പിൽനിന്നും ആരും പങ്കെടുക്കാറില്ല. എന്നാൽ സർവ്വേ വകുപ്പിലെ സർവ്വേ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ഹെഡ് സർവ്വേയർ, സർവ്വേയർ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ ഉദ്യോഗസ്ഥന്മാർ ആവശ്യാനുസരണം പങ്കെടുത്തിരുന്നു.

91 (1317) വെള്ളപ്പൊക്കം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കം മൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കേണ്ട നഷ്ടപരിഹാരം മരിച്ചവരുടെ കുടുംബങ്ങൾക്ക് കഴിഞ്ഞ രണ്ടു വർഷമായി കിട്ടുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായം മരിച്ചവരുടെ കുടുംബത്തിന് നൽകുവാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടിയന്തിര ദുരിതാശ്വാസം നൽകുന്നതിനും, ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്കും, വീടു നശിച്ചവർക്കും, പരിക്കേറ്റവർക്കും,

LIBRARY ARCHIVES Kerala Legislative Assembly

കൃഷി നാശം സംഭവിച്ചവർക്കും നൽകുന്നതിനുമായി ആകെ 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്നതിലേയ്ക്കായി പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എല്ലായ്പ്പോഴും കൃത്യമായി ധനസഹായം അനുവദിച്ച് കിട്ടാറില്ല. 1998-ലെ തെക്ക് പടിഞ്ഞാറൻ കാലവർഷം മൂലം മരിച്ച 4 പേരുടെ കുടുംബങ്ങൾക്കും, വടക്കുകിഴക്കൻ കാലവർഷംമൂലം മരിച്ച 12 പേരുടെ കുടുംബങ്ങൾക്കും, 1998-ലെ വേനൽ മഴമൂലം മരിച്ച 39 പേർക്കും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇനിയും ധനസഹായം അനുവദിച്ച് കിട്ടിയിട്ടില്ല.

(സി) അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് നൽകുന്നതാണ്.

92 (1318) അതിവർഷ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ പോരായ്മകൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവർഷ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ പോരായ്മകൾ സംബന്ധിച്ച ആക്ഷേപങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെ എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഈ വർഷം ഉണ്ടായ അതിവർഷ ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

93 (1319) ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം റാന്നി-സീതത്തോട് പഞ്ചായത്തിൽ ഉരുൾപൊട്ടി എത്ര പേർ മരണമടഞ്ഞു;

(ബി) എത്ര വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടു;

(സി) ഒരു വർഷം കഴിഞ്ഞിട്ടും വീടുകളും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി നൽകാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമി വാങ്ങി ഇവർക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് പേർ.

(ബി) 11 വീടുകൾ.

(സി) ആന്റ് (ഡി) വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് 30 സെന്റ് ഭൂമി ആവശ്യമുണ്ട്. അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമല്ല. ആവശ്യമായ ഭൂമി വിലയ്ക്കെടുത്തു നൽകുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly